കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.10/2403/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ്
കാര്യാലയം, മലപ്പുറം

തിയ്യതി:02-11-2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

4)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം.10/2403/2018 തിയ്യതി:02-11-2018

# മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26.06.2017 മുതൽ 10.09.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 09 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 11-09.2018 മുതൽ 24.09.2018 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സുരേഷ് പി | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി സെൽമത്ത് ടി.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ രാമകൃഷ്ണൻ ടി | സീനിയർ ഗ്രേഡ് ഓഡിറ്റർ (13.09.2018 മുതൽ) |
| ശ്രീ. ബിജേഷ് എ,എസ് | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി സഫിയ റസാഖ് തോട്ടത്തിൽ | 01.04.2017 മുതൽ 31.03.2018വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി ഗീത വി.എസ് (അസി.സെക്രട്ടറി, അധികച്ചുമതല) | 01.04.2017 മുതൽ 05.05.2017FN വരെ |
| ശ്രീ ശ്രീനിവാസൻ കുന്നത്ത് | 05.05.2017AN മുതൽ 12.06.2017FN വരെ |
| ശ്രീമതി ജി. വിജയലക്ഷ്മി | 12.06.2017AN മുതൽ 02.08.2017AN വരെ |
| ശ്രീമതി ഗീത വി.എസ് (അസി. സെക്രട്ടറി, അധികച്ചുമതല) | 02.08.2017FN മുതൽ 16.08.2017AN വരെ |
| ശ്രീ അബ്ദുൾ സലാം | 16.08.2017FN മുതൽ 31.03.2018AN വരെ |

മറ്റ് നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ്സെക്രട്ടറി | ശ്രീ.ഗീത വി.എസ് | 01.04.2017 മുതൽ 14.12.2017 വരെ |
| | ശ്രീ.സലീം പാഷ | 15.12.2017 മുതൽ 22.02.2018 വരെ |
| | ശ്രീമതി ബൽക്കീസ് ചീരോത്ത് | 23.02.2018 മുതൽ 31.03.2018 വരെ |
| അസി. എഞ്ചിനിയർ | ശ്രീമതി അഞ്ജലി എസ് വിജയ് | 01.04.2017 മുതൽ 08.09.2017FN വരെ |
| | ശ്രീ. അനീസ് സി | 08.09.2017AN മുതൽ 30.10.2017FN വരെ |
| | ശ്രീ. ബിപിൻ എൻ വി | 30.10.2017AN മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ശാലിനി കെ | 01.04.2017 മുതൽ 17.06.2017 വരെ |
| | ഒഴിവ് | 18.06.2017 മുതൽ 30-06-2017 വരെ |
| | ശ്രീമതി സുജിഷ | 01.07.2017 മുതൽ 31-12-2017 വരെ |
| | ശ്രീമതി രഞ്ജുഷ | 01.01.2018 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി സഫീറ സി.പി | 01.04.2017 മുതൽ 13.10.2017 വരെ |
| | ശ്രീമതി.ഗിരിജ എം | 13.10.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.രമ്യ രവീന്ദ്രൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. അമ്മുണ്ണി പി | 01.04.2017 മുതൽ 24.08.2017FN വരെ |
| | ശ്രീമതി കദീജക്കുട്ടി പി.എ | 24.08.2017AN മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി ഉഷാദേവി പി | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ജിപിൻ ജി.പി | 01.04.2017 മുതൽ 16.05.2017FNവരെ |
| | ശ്രീ.ധർമ്മജൻ | 16.05.2017AN മുതൽ 24.06.2017വരെ |
| | ഒഴിവ് | 25.06.2017 മുതൽ 16-07-2017 വരെ |
| | ശ്രീ.അയൂബ് | 17.07.2017 മുതൽ 26.08.2017FNവരെ |
| | ശ്രീ.അബ്ദുൾ മഹ്റൂഫ് എച്ച്.പി | 26.08.2017AN മുതൽ 31.08.2017FNവരെ |
| | ശ്രീമതി രാധിക എം | 31.08.2017ANമുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. സരിത വി (പി.എച്ച്.സി) | 01.04.2017 മുതൽ 31.03.2018വരെ |
| | ഡോ.കെ.ജെ സൈറാബായ് (ആയുർവേദം) | 01.04.2017മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ പദ്ധതി | 1-7 | |
| 8 | സാമൂഹ്യ ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷികകണക്കിലെ അപാകതകൾ | 1-12 | |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 13 | വസ്തുനികുതി നിർണ്ണയം -അപാകത | 2-1 | |
| 14 | തൊഴിൽനികുതി അപാകതകൾ | 2-2 | |
| 15 | പഞ്ചായത്ത് പരിധിയിലുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് | 2-3 | |

| | | | |
|---|---|---|---|
| 16 | പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ മാർക്കറ്റ് സംബന്ധിച്ച്. | 2-4 | |
| 17 | വ്യവസായവികസനകേന്ദ്രം വാടകക്ക് കൊടുത്തത് സംബന്ധിച്ച് | 2-5 | |
| 18 | കെട്ടിടനിർമ്മാണപെർമിറ്റ് പൊതു അപാകതകൾ | 2-6 | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 19 | ഇ-ടെണ്ടർ ഫോറം വില പഞ്ചായത്തിന് ലഭ്യമായില്ല | 3-1 | |
| 20 | പൊതുമരാമത്ത് നിക്ഷേപ പ്രവൃത്തികൾ – സംബന്ധിച്ച് | 3-2 | |
| 21 | പരിരക്ഷാപദ്ധതി അപാകതകൾ | 3-3 | |
| 22 | പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി- മരുന്നുകൾ ലഭ്യമായതിന്റെ വവരംലഭ്യമാക്കേണ്ടതാണ്. | 3-4 | |
| 23 | അംഗണവാടി അനുപൂരകപോഷകാഹാരം പദ്ധതി (എസ്.സി) പദ്ധതി സംബന്ധിച്ച് | 3-5 | |
| 24 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ പദ്ധതി- അപാകതകൾ | 3-6 | |
| 25 | ഭവനനിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് | 3-7 | |
| 26 | പത്താംതരം, പ്ലസ്-ടു തുല്യത-കൈപ്പറ്റ് രസീതി ഹാജരാക്കിയില്ല-തുക തടസ്സത്തിൽ വെക്കുന്നു. | 3-8 | |
| 27 | ശമ്പളപരിഷ്ക്കരണം – പെൻഷൻ അംശദാനം അടവാക്കിയില്ല | 3-9 | |
| 28 | തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല | 3-10 | |
| 29 | കാലാവധി കഴിഞ്ഞ നിക്ഷേപങ്ങൾ – തുടർ നടപടി സ്വീകരിക്കുന്നില്ല | 3-11 | |

| | | | |
|---|---|---|---|
| 30 | ബയോഗ്യാസ് പ്ലാന്റിന് സബ്സിഡി – പ്ലാന്റ് കൈപ്പറ്റിയ ഗുണഭോക്താവ് ക്രമവിരുദ്ധമായി മറിച്ചു നൽകി | 3-12 | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-1 | |
| 28 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 | |
| 30 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 31 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 32 | ഓഡിറ്റ് റിക്കവറി | 4-6 | |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-7 | |
| 34 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 | |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| അനുബന്ധം | | | |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 38 | ഡെപ്പോസിറ്റ് പ്രവൃത്തികൾ–അവലോകന റിപ്പോർട്ട് | 2 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 28.03.2017 തിയതിയിലെ ഭരണസമിതിയുടെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകതകൾ പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകതകൾ പരിഹരിച്ച് ലഭിച്ച തിയതി |
|---|---|---|---|
| 31.07.2018 | 02.05.2018 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ, തിയതി |
|---|---|---|
| 2017-18 | 27.06.2018 മുതൽ 28.06.2018 വരെ | കെ.എസ്.എ എം.പി.എം10/1055/2018 തിയതി 04.07.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6093822.90 |
| വരവ് | 59683425.00 |
| ആകെ | 65777247.90 |
| ചെലവ് | 60114531.00 |
| നീക്കിയിരിപ്പ് | 5662716.90 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | | 13008000 | 13008000 | 11497542 | 1510458 |
| വികസനഫണ്ട് എസ്.സി.പി | | 5951364 | 5951364 | 4788994 | 1162370 |
| വികസനഫണ്ട് ടി.എസ്.പി | | | | | |
| മെയിന്റനൻസ് റോഡ് | | 8647000 | 8647000 | 7410112 | 1236888 |
| മെയിന്റനൻസ് നോൺ റോഡ് | | 3151000 | 3151000 | 2681342 | 469658 |
| സെന്ട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 6108470 | 6108470 | 5989922 | 118548 |
| കെ.എൽ.എസ്.ജി.ഡി.പി | | 957928 | 957928 | 934544 | 23384 |
| എസ്.ബി.ടി എസ്.എസ്.എ. | 15229 | 567 | 15796 | --- | 15796 |
| ട്രഷറി തനത് ഫണ്ട് vpfa I, II | | | | | |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 1993010 | 9984290 | 11977300 | 10389792 | 1587508 |
| എസ്.ബി.ടി ലിറ്ററസി | | | | | |
| എസ്.ബി.ടി ഡിസ്ട്രസ് റിലീഫ് ഫണ്ട് | 11739 | 384 | 12123 | | 12123 |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 20881903 | 20881903 | 20881903 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5851 | 973797 | 979648 | 976456 | 3192 |
| എസ്.ബി.ടി പൈക്ക | | | | | | |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | | 3916250 | 3916250 | 3376250 | 540000 |
| | ജില്ലാ പഞ്ചായത്ത് | | 456750 | 456750 | 423750 | 33000 |
| PNB E-Payment 1705 | | 3050 | 25453 | 28503 | 1400 | 27103 |
| ബി.ഫണ്ട് | | | 321040 | 321040 | 321040 | |
| PNB E-Sand | | 2012995 | 5061375 | 7074370 | 5072097 | 2002273 |
| തനത് ഫണ്ട് (TSCB) | | 1714010.90 | 6275261 | 7989271.90 | 5986243 | 2003028.90 |
| SBT-SSA | | 15229 | 567 | 15796 | 0 | 15796 |
| ടി.എസ്.സി.ബി.ജലനിധി | | 210879 | 0 | 210879 | 210879 | 0 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയവ (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 182 | 60236212 | 139 | 46684865 | | 43 | 76.37% |

## 1-7 തൊഴിലുറപ്പപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5851 | 973797 | 979648 | 976456 | 3192 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 20881903 | 20881903 | 20881903 | |

## 1-8 സാമൂഹ്യക്ഷേമപദ്ധതികൾ

2017-18 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിവരങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 50040 | 88 |
| കർഷകതൊഴിലാളി വേതനം | 3717900 | 1272 |
| വിധവാ പെൻഷൻ | 9668500 | 3173 |
| വാർദ്ധക്യകാല പെൻഷൻ | 18516800 | 5461 |
| വികലാംഗപെൻഷൻ | 3724900 | 1175 |
| വിവാഹധനസഹായം | 240000 | 08 |
| 50 വയസിന് മുകളിലുള്ളവർക്കുള്ള സഹായം | 741800 | 240 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

10.09.2018 തിങ്കളാഴ്ച സ്ഥാപനത്തിന് കളക്ഷൻ ഉണ്ടായിരുന്നില്ല. മുൻ പ്രവൃത്തിദിനമായ 07.09.2018 ലെ കളക്ഷൻ തുക 08.09.2018ന് ബാങ്കിൽ അടവാക്കിയതിനാൽ 11.09.2018 ക്യാഷ് ബാലൻസ് ഒന്നുമില്ല.

## 1-10 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുകയും സെക്ഷനുകൾക്ക് വീതിച്ച് നൽകുകയും ചെയ്യുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ഫ്രണ്ട് ഓഫീസ് രജിസ്റ്റർ മുതലായവ എഴുതി സൂക്ഷിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ നാളിതുവരെ ആർജ്ജിച്ച ആസ്തികളുടെ കൃത്യത വ്യക്തമല്ല.

പഞ്ചായത്തിന് കീഴിൽ നിരവധി സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങൾ , വാണിജ്യ സ്ഥാപനങ്ങൾ,ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ കൃത്യമായി ഈടാക്കുന്നതിന് സാധിക്കുന്നില്ല. ഈ കാര്യത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടലും ഉണ്ടാവുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.08.2018-16.08.2016 | 01.07.2018-31.07.2018 | 16.08.2018 |
| എ.ജി ഓഡിറ്റ് | 20.11.2013-03.12.2013 | 2008-09 – 2012-13 | 13.01.2014 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

2017-18 വർഷത്തിലെ വാർഷിക കണക്കിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പാർട്ട് ബിൽ ആയി നല്കുന്ന തുകകൾ capital work in progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ഫൈനൽ ബിൽ നല്കിയ തുകകളുടെ ആസ്തി സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. മാത്രമല്ല ഇത് കണക്കാക്കുന്നതിന് സ്ഥാപനം വർക്ക് ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. പഞ്ചായത്തിന്റെ തനത് ഫണ്ടിന്റെ അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 1084) നിന്നും നല്കിയിട്ടുള്ള മൂന്ന് മാസത്തിലേറെയായി പണമാക്കാത്ത ചെക്കുകൾ ബാലൻസ് ഷീറ്റിലെ B-9ഷെഡ്യൂളിൽ “കാലാവധി കഴിഞ്ഞ ചെക്കുകൾ ”എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. liability in respect of stale checkഎന്ന ശീർഷകം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. വസ്തുനികുതി കുടിശ്ശിക ഇനത്തിൽ 2017-18ലെ റസീറ്റ് ആന്റ് പേയ്മെന്റിലെ ഷെഡ്യൂൾ RP-43ലെ (Receivable for property tax – arrears) രേഖകളും 2016-17ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-15ലെ രേഖകളും തമ്മിൽ പൊരുത്തക്കേടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | വസ്തുനികുതി കുടിശ്ശിക 2017-18ലെ റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 573006 |
| 2 | വസ്തുനികുതി കുടിശ്ശിക 2016-17ലെ ബാലൻസ് ഷീറ്റ് പ്രകാരം | 686378 |
| | വ്യത്യാസം | 113372 |

4. വാർഷിക കണക്കുകളിൽ ചട്ടപ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിൽ കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

5. 2016-17 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ പരിശോധനയിൽ കണ്ടെത്തിയ അപാകതകളിൽ ക്രമനമ്പർ 2,3 എന്നിവ പരിഹരിച്ചിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണ്ണയം - അപാകത

2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം തെഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി വാണിജ്യ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് താഴെ പറയുന്ന പ്രകാരമാണ് ഭരണ സമിതി നിശ്ചയിച്ചിട്ടുള്ളത്.

| | |
|---|---|
| 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 40 രൂപ/ച.മീ |
| 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 60 രൂപ/ച.മീ |
| 200 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഷോപ്പിംഗ് മാളുകൾ,സൂപ്പർമാർക്കറ്റ് എന്നിവ | 40 രൂപ/ച.മീ |
| 200 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ഷോപ്പിംഗ് മാളുകൾ,സൂപ്പർമാർക്കറ്റ് എന്നിവ | 80 രൂപ/ച.മീ |

ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടനമ്പറിനായി അപേക്ഷിക്കുന്ന 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് വ്യക്തമായ യാതൊരു കാരണവും കൂടാതെ ഒന്നിലധികം കെട്ടിടനമ്പറുകൾ അനുവദിക്കുകയും അപ്രകാരമുള്ള തറവിസ്തീർണ്ണം മാത്രം കണക്കാക്കി 100 ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം എന്ന പരിഗണന നൽകി വസ്തുനികുതി നിർണ്ണയിച്ച് നൽകുകയുമാണ് ചെയ്യുന്നത്.

ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ് (ചട്ടം 3(4)). എന്നാൽ ഇത് വ്യക്തമായ കാരണങ്ങളാൽ പ്രത്യേകമായ നമ്പറുകൾ നൽകിയ നിലവിലുള്ള കെട്ടിടങ്ങളുടെ കാര്യമാണ് എന്ന് വ്യക്തമാണ്. വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ, പ്രത്യേകം നമ്പറിന് വേണ്ടി കെട്ടിടയുടമ അപേക്ഷിക്കുക പോലും ചെയ്യാതെ ചട്ടം നിലവിൽ വന്നതിന് ശേഷം മാത്രം നിർമ്മാണം പൂർത്തീകരിച്ച ഇത്തരം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ഏകപക്ഷീയമായി നികുതി നിരക്ക് കുറച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത് ചട്ടവിരുദ്ധമാണ്. ഇപ്രകാരം നികുതി നിർണ്ണയിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിന് വലിയ തോതിലുള്ള വരുമാന നഷ്ടമാണ് സംഭവിക്കുന്നത്. 2017-18 വഷത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും വസ്തു നികുതി ഇപ്രകാരമാണ് കണക്കാക്കിയിട്ടുള്ളത്.

ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്തഭാഗങ്ങൾ ഒരേ സമയം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതാത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് കെട്ടിടനമ്പർ നൽകാവുന്നതാണ്. എന്നാൽ ഒരേ വിനിയോഗത്തിലുള്ള കെട്ടിടങ്ങൾക്ക് ഈ ആനുകൂല്യത്തിന് അർഹതയില്ല. നികുതി നിർണ്ണയത്തിലുള്ള അപാകതക്ക് കാരണം വിശദമാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി - അപാകതകൾ

തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല

കാലിക്കറ്റ് യൂണിവേഴ്സിറ്റി, ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ തുടങ്ങിയ വലിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിൽ പക്ഷെ ഈ സ്ഥാപനങ്ങളിൽ എത്ര ജീവനക്കാർ ഉണ്ടെന്നതിനെക്കുറിച്ച് വ്യക്തമായ രേഖയില്ല. ഇതു കാരണം തൊഴിൽ നികുതിയുടെ (ജീവനക്കാർ) യഥാർത്ഥ ഡിമാന്റ് തിട്ടപ്പെടുത്താൻ സാധിക്കുന്നില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വാണിജ്യ

സ്ഥാപനങ്ങളുടെ ഒരു ട്രേഡ്വേഴ്സ് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ, തൊഴിൽ നികുതിയുടെ (സ്ഥാപനങ്ങൾ) യഥാർത്ഥ ഡിമാന്റ് തിട്ടപ്പെടുത്താൻ സാധിക്കുന്നില്ല.

പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളുടെയും അവയിലെ ജീവനക്കാരുടെയും വിവര ശേഖരണം നടത്തി തൊഴിൽ നികുതി പിരിവ് (സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും) കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്.

ബി എസ് എൻ എൽ എക്സ്ചേഞ്ച് തൊഴിൽ നികുതി (സ്ഥാപനങ്ങൾ) അടക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരം പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ വാണിജ്യ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കേണ്ടതാകുന്നു. ബി എസ് എൻ എൽ ഒരു ഗവൺമെന്റ് കമ്പനി ആണെങ്കിലും 1956- ലെ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വാണിജ്യ സ്ഥാപനമാണ്. ബി എസ് എൻ എൽ Vs സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് എന്ന കേസിന്റെ 07/09/2016 ലെ കേരള ഹൈക്കോടതി വിധിയിൽ ബി എസ് എൻ എല്ലിനെ 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പരിധിയിൽ 'ബിസിനസ് നടത്തുന്ന' ഒരു സ്ഥാപനമായി കണക്കാക്കി പഞ്ചായത്തിലേക്ക് തൊഴിൽ നികുതി (സ്ഥാപനങ്ങൾ) അടക്കാൻ ഉത്തരവിട്ടിട്ടുണ്ട്. ആ നിലക്ക് ടി സ്ഥാപനത്തിൽ നിന്ന് നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 പഞ്ചായത്ത് പരിധിയിലുള്ള ടൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 266-ാം വകുപ്പ് പ്രകാരം പഞ്ചായത്തിൽ നിന്ന് മുൻകൂട്ടി രജിസ്ട്രേഷൻ വാങ്ങാതെ ഒരു ട്യൂട്ടോറിയൽ സ്ഥാപനവും പ്രസ്തുത പഞ്ചായത്തിൽ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. 1999-ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം സ്ഥാപനം രജിസ്റ്റർ ചെയ്യാൻ ഇരുന്നൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും ഓരോ സാമ്പത്തിക വർഷത്തിലും ടി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഉള്ള എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളെയും കണ്ടെത്തി അവയെ നിർബന്ധമായും രജിസ്റ്റർ ചെയ്യിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ മാർക്കറ്റ് സംബന്ധിച്ച്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 222-ാം വകുപ്പ് പ്രകാരം യാതൊരാളും പഞ്ചായത്തിൽ ഒരു ലൈസൻസ് നേടാതെ ഒരു സ്വകാര്യ മാർക്കറ്റ് തുറക്കുകയോ നടത്തുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. അങ്ങനെയുള്ള ലൈസൻസ് ഓരോ വർഷവും പുതുക്കേണ്ടതുമാണ്.

തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിലെ മേലേ ചേളാരിയിൽ എല്ലാ ചൊവ്വാഴ്ചകളിലും ഒരു സ്വകാര്യ മാർക്കറ്റ് (ഐ.ഒ.സി പ്ലാന്റിന് പുറക് വശത്തായി) പഞ്ചായത്തിൽ നിന്ന് ലൈസൻസ് നേടാതെ പ്രവർത്തിക്കുന്നുണ്ട്. 1996-ലെ കേരള പഞ്ചായത്ത് രാജ് (പൊതു മാർക്കറ്റുകളുടേയും സ്വകാര്യ മാർക്കറ്റുകളുടേയും നിയന്ത്രണവും ലൈസൻസ് നൽകലും) ചട്ടങ്ങളിൽ നിഷ്കർഷിക്കുന്നതു പോലെ ടി

മാർക്കറ്റിലെ പിരിവുകളെ സംബന്ധിച്ച വിവരങ്ങളും മറ്റ് രേഖകളും പഞ്ചായത്തിലേക്ക് ലഭ്യമാക്കിയിട്ടില്ല.

അനധികൃതമായി പ്രവർത്തിക്കുന്ന പക്ഷം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 222-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം മാർക്കറ്റിൽ നിന്നും ഉടമസ്ഥന് മുൻവർഷങ്ങളിൽ കിട്ടിയിട്ടുള്ള മൊത്തം ആദായത്തിന്റെ മൂന്നിലൊന്നിൽ കവിയാത്ത തുകയ്ക്കുള്ള ഒരു ലൈസൻസ് ഫീസ് ഗ്രാമപഞ്ചായത്ത് ചുമത്തി ടി മാർക്കറ്റിനെ ക്രമവത്കരിക്കേണ്ടതാകുന്നു.

## 2-5 വ്യവസായ വികസന കേന്ദ്രം വാടകക്ക് കൊടുത്തത് സംബന്ധിച്ച്

തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിലെ വനിതാ വ്യവസായ വികസന കേന്ദ്രം (കൊയപ്പ , ദേവതിയാൽ), രമേശ് കുമാർ എൻ എന്ന വ്യക്തിക്ക് 03.09.2013 മുതൽ അഞ്ച് വർഷത്തേക്ക് ശാരദ മെറ്റൽസ് എന്ന പേരിൽ ചെറുകിട വ്യവസായ യൂണിറ്റ് നടത്താനുള്ള കരാറിൽ വാടകക്ക് കൊടുത്തിട്ടുണ്ട്. എന്നാൽ എസ്.സി.വനിതകൾ, ജനറൽ വനിതകൾ എന്നിവരുടെ ക്ഷേമത്തിനായി എസ്.സി.പി./ജനറൽ വികസന ഫണ്ടുകൾ ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങളുംഅനുബന്ധ സൗകര്യങ്ങളും അതാത് ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താതെ സ്വകാര്യ വ്യക്തിക്ക് ദീർഘ കാലത്തേക്ക് വാടകക്ക് കൈമാറിയത് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്.

14.06.2018 തീയ്യതിയിൽ നടന്ന പഞ്ചായത്തിന്റെ സാധാരണ യോഗം തീരുമാന നം. 2/1 പ്രകാരം ടിയാന് വാടക കാലാവധി പൂർത്തീകരിച്ചതിനു ശേഷം (02.09.2018 വരെ) കരാർ പുതുക്കിനൽകേണ്ടതില്ല എന്നു തീരുമാനിച്ചിരുന്നു. എന്നാൽ 10.07.2018-ന് ചേർന്ന അടുത്ത യോഗത്തിൽ മേൽ തീരുമാനം പുനഃപരിശോധിക്കുകയും പൊതുമരാമത്ത് വകുപ്പിന്റെ സഹായത്തോടെ വാടക പുനർനിശ്ചയിച്ച് ടിയാന് തന്നെ അനുവദിക്കാൻ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. വാടകക്കാരൻ കരാറിൽ സൂചിപ്പിച്ച 3 ശതമാനം വർധന എന്നതല്ലാതെ നാളിതുവരെയായി വാടക പുനർനിശ്ചയിച്ച് നൽകിയിട്ടില്ല.
വനിതകളുടെയും, പട്ടികജാതി വിഭാഗക്കാരുടെയും ഉന്നമനത്തിനായി തുടങ്ങിയ വ്യവസായ വികസന കേന്ദ്രം ഒരു സ്വകാര്യ വ്യക്തിക്ക് കച്ചവടം നടത്താൻ ദീർഘകാലത്തേക്ക് നൽകുക വഴി അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിച്ചിട്ടുണ്ട്. ആസ്തികൾ അതാതു ആവശ്യങ്ങൾക്കുതന്നെ ഉപയോഗപ്പെടുത്തുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

## 2-6 കെട്ടിട നിർമ്മാണ പെർമിറ്റ് - പൊതു അപാകതകൾ

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ അനധികൃത നിർമ്മാണങ്ങൾ

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ വലിയൊരു ഭാഗം തേഞ്ഞിപ്പലം പഞ്ചായത്തിന്റെ പരിധിയിൽ വരുന്നതാണെങ്കിലും, അവിടെ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ രേഖകളൊന്നും പഞ്ചായത്തിൽ ലഭ്യമല്ല. 2017 – 18-ലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധനയിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി രജിസ്ട്രാറുടെ പേരിൽ മൂന്ന് കെട്ടിട നിർമ്മാണ അപേക്ഷകൾ വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1) സർവ്വകലാശാലയുടെ അധീനതയിൽ തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിടം | തറവിസ്തീർണ്ണം |
|---|---|---|
| 1 | വനിതാ ഹോസ്റ്റൽ ബ്ലോക്ക് | 6689.57 m2 |
| 2 | വി.ഐ.പി ഗസ്റ്റ് ഹൌസ് | ലഭ്യമല്ല |
| 3 | സയൻസ് ബ്ലോക്ക്, ലൈഫ് സയൻസ് ഡിപ്പാർട്ട്മെന്റ് | ലഭ്യമല്ല |

| | | |
|---|---|---|
| 4 | കമ്പ്യൂട്ടർ സെന്റർ/ (E-Campus for scaling up of existing facility to upgrade the needs of computer science, I.C.T, Statistical & Mathematical Science) | 2860.00 |
| 5 | സയൻസ് ബ്ലോക്ക് | 2980.00 |
| 6 | എജ്യൂക്കേഷൻ ബ്ലോക്ക്, PMMMNMTT. | 676.24 |
| 7 | ആനിമൽ ഹൗസ് | 491.30 |

(ക്രമനമ്പർ 1,2,3 - 2017-18 വർഷത്തിൽ ലഭിച്ച അപേക്ഷകൾ, ക്രമനമ്പർ 4,5,6,7-സ്രോതസ്സ് – കാലിക്കറ്റ് യൂണിവേഴ്സിറ്റി ഓഡിറ്റ് റിപ്പോർട്ട് 2015-16 ഖണ്ഡിക 2-1)

എന്നാൽ മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾക്ക് പഞ്ചായത്ത് പെർമിറ്റ് നൽകുകയോ മറ്റ് അനന്തരനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

2) കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ അധീനതയിൽ തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ നമ്പർ ഇല്ലാത്ത അനധികൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ക്രമ നം. | കെട്ടിടം | ആകെ നിലകൾ | ആകെ തറവിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) |
|---|---|---|---|
| 1 | മാസ് കമ്മ്യൂണിക്കേഷൻ & ജേർണലിസം | 3 | 2297.42 |
| 2 | ഡി.എസ്.യു. & ബുക്ക് ഷോപ്പ് | 1 | 244.46 |
| 3 | പ്രസ്സ് കെട്ടിടം | 1 | 134.00 |
| 4 | പബ്ലിക്കേഷൻ ഡിവിഷൻ & ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റാറ്റിസ്റ്റിക്സ് | 3 | 1376.46 |
| 5 | ഓഫീസ് - ബൊട്ടാണിക്കൽ ഗാർഡൻ | 1 | 40.66 |
| 6 | ജിഞ്ചർ ഹൌസ് | 1 | 158.48 |
| 7 | ജിഞ്ചർ വില്ല | 1 | 500.00 |
| 8 | സ്പൈസ് ഹൌസ് | 1 | 83.43 |
| 9 | ഗാന്ധിയൻ ചെയർ | 1 | 152.00 |
| 10 | സർവ്വകലാശാല കഫേ | 1 | 308.00 |
| 11 | കോൺഫിഡൻഷ്യൽ സെക്ഷൻ (പ്രസ്സ്) | 1 | 25.70 |
| 12 | പ്രസ്സ് ഫാക്ടറി കെട്ടിടം | 1 | 378.00 |
| 13 | ഓഫ് സെറ്റ് സെക്ഷൻ | 1 | 86.29 |
| 14 | മെഡിസിനൽ പ്ലാന്റ്സ് കെട്ടിടം | 1 | 180 |
| 15 | ഗ്രീൻ ഹൌസ് | 1 | 106.26 |

| | | | |
|---|---|---|---|
| 16 | ചെയർ ഓഫ് സനാതന ധർമ്മ, ഗാന്ധിയൻ അഡൾട്ട് എഡ്യുക്കേഷൻ, സെന്റർ ഫോർ വുമൺസ് | 1 | 478.03 |
| 17 | ക്രിസ്ത്യൻ ചെയർ, സി.എച്ച്. മുഹമ്മദ് കോയ ചെയർ, വുമൺ സ്റ്റഡീസ് | 1 | 581.00 |
| 18 | ഡീൻ ഓഫീസ്, സ്റ്റുഡൻസ് യൂണിയൻ ഓഫീസ് | 2 | 368.00 |
| 19 | ബി.എസ്.സി.ഹെൽത്ത് സയൻസ് കെട്ടിടം | 1 | 805.50 |
| 20 | ബി.എസ്.സി.ഹെൽത്ത് സയൻസ് ലാബ് | 2 | 403.50 |
| 21 | വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് , പമ്പ് ഹൌസ് & സ്റ്റോർ | 2 | 205.73 |
| 22 | ബയോ ടെക്നോളജി | 2 | 1496.00 |
| 23 | ഫിസിക്സ് | 3 | 2700.00 |
| 24 | കെമിസ്ട്രി | 3 | 2244.00 |
| 25 | എം.ഫിൽ ലാബ് ഓഫ് കെമിസ്ട്രി ഡിപ്പാർട്ട്മെന്റ് | 3 | 135.00 |
| 26 | സുവോളജി | 3 | 2427.00 |
| 27 | ബോട്ടണി | 3 | 2244.00 |
| 28 | ഇന്റർ സർവ്വകലാശാല സെന്റർ ഫോർ പ്ലാന്റ് ബയോ ടെക്നോളജി & നാനോ സയൻസ് | 2 | 1498.00 |
| 29 | സർവ്വകലാശാല സയൻസ് ഇൻസ്ട്രുമെന്റേഷൻ സെന്റർ | 2 | 535.00 |
| 30 | ഡിപ്പാർട്ട്മെന്റ് ഓഫ് കമ്പ്യൂട്ടർ സയൻസ് | 3 | 1622.00 |
| 31 | ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ സയൻസ് ബ്ലോക്ക് | 1 | 178.00 |
| 32 | ഏക്സിലറേഷൻ ബിൽഡിംഗ് | 1 | 550.00 |
| 33 | ടീച്ചേർസ് ഫ്ലാറ്റ് | 2 | 1400.00 |
| 34 | മാനസ്ക്രിപ്റ്റ് ലൈബ്രറി | 1 | 404.00 |
| 35 | മാധവ ഒബ്സർവേറ്ററി | 3 | 291.00 |
| 36 | സൈമൾട്ടേഷൻ & ഡാറ്റ അനാലസിസ് സെന്റർ | 2 | 316.00 |

| | | | |
|---|---|---|---|
| 37 | വനിത ഹോസ്റ്റൽ കെട്ടിടം (പഴയത്) | 2 | 1870.00 |
| 38 | വനിത ഹോസ്റ്റൽ കെട്ടിടം (പുതിയത്) & റിസേർച്ച് ബ്ലോക്ക് | 2 | 5991.00 |
| 39 | ഹ്യൂമാനിറ്റീസ് ബ്ലോക്ക് | 2 | 1956.00 |
| 40 | ഐ.ഇ.ടി. മെയിൻ ബ്ലോക്ക് | 4 | 6237.00 |
| 41 | ഐ.ഇ.ടി. വർക്ക് ഷോപ്പ് ബിൽഡിംഗ് (4 എണ്ണം) | 1 | 2800.00 |
| 42 | ഐ.ഇ.ടി. വനിത ഹോസ്റ്റൽ | 3 | 1418.00 |
| 43 | ഐ.ഇ.ടി. മെൻസ് ഹോസ്റ്റൽ | 3 | 1158.00 |
| 44 | കഫേറ്റീരിയ | 1 | 451.00 |
| 45 | സെമിനാർ കോംപ്ലക്സ് | 1 | 1481.00 |
| 46 | ഗസ്റ്റ് ഹൌസ് പഴയ ബ്ലോക്ക് | 1 | 638.00 |
| 47 | ഡേ കെയർ സെന്റർ | 1 | 71.00 |
| 48 | എഡ്യുക്കേഷൻ കോംപ്ലക്സ് | 2 | 3150.00 |
| 49 | വർക്കിംഗ് വുമൺസ് ഹോസ്റ്റൽ | 1 | 532.00 |
| 50 | മെൻസ് ഹോസ്റ്റൽ കെട്ടിടം (പുതിയത്) | 2 | 2689.00 |
| 51 | മെൻസ് ഹോസ്റ്റൽ റിസേർച്ച് | 2 | 1607.00 |
| 52 | മെൻസ് ഹോസ്റ്റൽ അനക്സ് | 3 | 1608.00 |
| 53 | മെൻസ് ഹോസ്റ്റൽ വാച്ച്മാൻ ബൂത്ത് | 1 | 54.00 |
| 54 | പമ്പ് ഹൌസ് | 1 | 145.00 |
| 55 | മൾട്ടി ഡിസിപ്ലിനറി മ്യൂസിയം (പുതിയത്) | 1 | 2590.00 |
| 56 | ലേഡീസ് ഹോസ്റ്റൽ എവറസ്റ്റ് ബ്ലോക്ക് | 2 | 3755.00 |
| 57 | അനക്സ് ബിൽഡിംഗ് ഫോർ ലൈഫ് സയൻസ് | 1 | 185.00 |
| 58 | സെൻട്രൽ കമ്പോസിറ്റ് ബ്ലോക്ക് ഫോർ സയൻസ് ഡിപ്പാർട്ട്മെന്റ്സ് | 2 | 3270.00 |
| 59 | വി.വി.ഐ.പി.ഗസ്റ്റ് ഹൌസ് | 4 | 1208.00 |
| 60 | ഇ.എം.എം.ആർ.സി.അനക്സ് ബിൽഡിംഗ് | 1 | 127.00 |

(സ്രോതസ്സ് – കാലിക്കറ്റ് യൂണിവേഴ്സിറ്റി ഓഡിറ്റ് റിപ്പോർട്ട് 2015-16 ഖണ്ഡിക 2-1)

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ അധീനതയിലുള്ള കെട്ടിട നിർമാണങ്ങളുടെ രേഖകൾ ലഭ്യമാവാത്തതിനാൽ തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന് പെർമിറ്റ് / ക്രമവൽക്കരണ ഫീ ഇനത്തിലും, കെട്ടിട നികുതി ഇനത്തിലും വലിയ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന കെട്ടിട നിർമ്മാണങ്ങളെ നിർബന്ധമായും പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവന്ന് അവയിൽ നിന്ന് പെർമിറ്റ് ഫീ / ക്രമവൽക്കരണ ഫീ ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. ക്രമവൽക്കരിക്കാൻ കഴിയാത്ത ചട്ടവിരുദ്ധമായ നിർമ്മാണങ്ങൾക്കെതിരെ അനന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്. പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് യഥാസമയം നമ്പർ നൽകി വസ്തു നികുതി തിട്ടപ്പെടുത്തേണ്ടതുമാണ്. ഇതു സംബന്ധിച്ച ധനകാര്യ സ്ഥിരം സമിതി പ്രത്യേകം നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിർമ്മാണങ്ങളുടെ പൂർത്തീകരണം സംബന്ധിച്ച്

മുൻ വർഷങ്ങളിലെ (2014-15, 2015-16) കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററുകളുടെ പരിശോധനയിൽ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങളൊന്നും രേഖപ്പെടുത്തുന്നില്ല എന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടു. കെട്ടിട നിർമ്മാണ പെർമിറ്റിന്റെ കാലാവധി മൂന്ന് വർഷമാണെങ്കിലും ഈ കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് പഞ്ചായത്തിന് ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല. നിശ്ചിത കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെങ്കിൽ അധിക ഫീസ് (പെർമിറ്റ് ഫീസിന്റെ 50 ശതമാനം) ഈടാക്കി പെർമിറ്റിന്റെ കാലാവധി നീട്ടി നൽകാവുന്നതാണ്. രജിസ്റ്ററുകൾ കാലികമാക്കാത്തതിനാൽ പഞ്ചായത്തിന് ഈ ഇനത്തിൽ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്.

## ഭാഗം-3
## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഇ-ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല

അഞ്ച് ലക്ഷം രൂപയോ അതിനുമുകളിലുള്ളതോ അടങ്കലുള്ള മരാമത്ത് പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ടെണ്ടർഫോറം വില സ്വീകരിക്കുന്നതിനായി പുതിയ സീറോ ബാലൻസ് അക്കൗണ്ട് തുടങ്ങുന്നതിനും ജി.ഒ(എം.എസ്)318/2013/LSGD/28.03.2013 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ടെണ്ടർ നടപടികളുടെ ഭാഗമായി ലഭിക്കുന്ന ടെണ്ടർ ഫോറം വില നിലവിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യപ്പെടുന്നത്. തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ നടത്തിയ അഞ്ച് ലക്ഷം മുകളിലുള്ള രണ്ട് ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില നാളിതുവരെയായി ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല.

| ക്രമ നമ്പർ | മരാമത്ത് പ്രവൃത്തി | ടെണ്ടർ സമർപ്പിച്ച വ്യക്തി |
|---|---|---|
| 1 | 029/18 എൻ.എൻ.എസ് റോഡ് മെയിന്റനൻസ് | പി.കെ ഫൈസൽ |
| | | എ.കെ ബാലൻ |
| 2 | 81/18 അരീപ്പാറ നെച്ചിനേതിൽ റോഡ് ടാറിംങ് | എ.കെ ബാലൻ |
| | | മുഹമ്മദ്കുട്ടി പി |

പഞ്ചായത്തിന് ലഭിക്കേണ്ടുന്ന ടെണ്ടർ ഫോറം വില ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 3-2 പൊതുമരാമത്ത് നിക്ഷേപ പ്രവൃത്തികൾ സംബന്ധിച്ച്

നിക്ഷേപ പ്രവൃത്തികൾക്കുവേണ്ടി കേരള വാട്ടർ അതോറിറ്റിക്ക് തുക കൈമാറുകയും എഗ്രിമെന്റ് വെക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയതിവരെയും സ്ഥാപനത്തിൽനിന്നും വിനിയോഗവിവരം ലഭിക്കുകയോ പുരോഗതിവിവരം സംബന്ധിച്ച് ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയോ സ്റ്റാന്റിംങ് കമ്മിറ്റിയോ വിലയിരുത്തിയതായോ ഉള്ളവിവരം ബന്ധപ്പെട്ട രേഖകളിൽനിന്നും ലഭ്യമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | നിർവഹണ ഏജൻസി | ബിൽ/വൗച്ചർ നമ്പർ | മുൻകൂർ നല്കിയ തുക |
|---|---|---|---|---|
| 1 | 63/18 കടക്കാട്ടുപാറ ചെനപ്പരമ്പ് റോഡ് വാട്ടർലൈൻ എക്സ്റ്റൻഷൻ | കേരള വാട്ടർ അതോറിറ്റി | 12/23.01.18 | 1,50,000 (CFC) |
| 2 | 66/18 ഇല്ലത്ത് സ്കൂൾ കളരിപ്പറമ്പ് വാട്ടർലൈൻ എക്സ്റ്റൻഷൻ | -ടി- | 14/23.01.18 | 1,50,000 (CFC) |
| 3 | 82/18ചുള്ളോട്ടുപറമ്പ് എസ്.സി കോളനി കുടിവെള്ളപദ്ധതി രണ്ടാം ഘട്ടം | -ടി- | 01/14.07.17 | 17,00,000 (SCP) |
| 4 | 76/18പൂളകമ്പനി പോത്താട്ടിൽപാറ റോഡ് വാട്ടർലൈൻ എക്സ്റ്റൻഷൻ | -ടി- | Vr.1113/23.03.18<br>70/21.03.18 | 3,65,340(ownfund)<br>84,660 (Devt,Fund) |
| 5 | 64/18വില്ലൂന്നിയാൽ കൂറ്റൂർ അയ്യപ്പൻകാവ് റോഡ് വാട്ടർലൈൻ എക്സ്റ്റൻഷൻ | -ടി- | 37/28.02.18 | 1,70,000 (CFC) |
| 6 | 71/18മുക്കോട്ട് വലിയപറമ്പ് വാട്ടലൈൻ എക്സ്റ്റൻഷൻ | -ടി- | 38/28.02.18<br>39/28.02.18 | 95,000 (CFC)<br>30,000 (Devt.Fund) |
| 7 | 69/18ചുള്ളോട്ടുപറമ്പ് വിഷ്ണുക്ഷേത്രം അരീപ്പാറ റോഡ് ലൈൻ എക്സ്റ്റൻഷൻ | -ടി- | 36/28.02.18 | 2,00,000 (CFC) |
| 8 | 70/18ശാന്തിനഗർ കാട്ടുകുഴി അംഗനവാടി റോഡ് ലൈൻ എക്സ്റ്റൻഷൻ | -ടി- | 1112/23.03.18 | 2,00,000(own fund) |
| 9 | 72/18കടക്കാട്ടുപാറ വളപ്പിൽ ലൈൻ എക്സ്റ്റൻഷൻ | -ടി- | 71/21.03.18 | 1,00,000 |
| 10 | 103/18പൂളകമ്പനി എസ്.സി കോളനി വാട്ടർ അതോറിറ്റി പൈപ്പ്ലൈൻ | -ടി- | 17/23.01.18 | 2,50,000 (scp) |
| 11 | 96/18ചെനക്കലങ്ങാടി ഇരുമ്പോത്തിങ്ങൽ | -ടി- | 09/09.01.18 | 20,00,000(Block share) |

| | | | | |
|---|---|---|---|---|
| | എസ്.സി കോളനി വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ | | Vr.493/31.10.17 | 10,00,000(scp) |
| 12 | 75/18വളാശ്ശേരി മച്ചിങ്ങൽ റോഡ് വാട്ടർലൈൻ എക്സ്റ്റൻഷൻ | -ടി- | 13/23.01.18 | 2,50,000 (cfc) |
| 13 | 78/18കുറ്റിപ്പാല വാളേരി KWAവാട്ടർലൈൻ എക്സ്റ്റൻഷൻ | -ടി- | 15/23.01.18 | 1,00,000(റോഡിതര മെയിന്റനൻസ്) |
| 14 | 73/18കൊല്ലേരി ബ്രഹ്മാസം റോഡ് ലൈൻ എക്സ്റ്റൻഷൻ | -ടി- | 11/23.01.18 | 1,50,000(റോഡിതര മെയിന്റനൻസ്) |
| 15 | 77/18ചെനക്കലങ്ങാടി കാടപ്പറമ്പ് റോഡ് KWAലൈൻ എക്സ്റ്റൻഷൻ | -ടി- | Vr.617/21.11.17 | 2,92,000 (തനത് ഫണ്ട്) |
| 16 | 177/18തട്ടാൻപടി ദേവതിയാൽ പറമ്പ് എസ്.സി കോളനി കുടിവെള്ള പദ്ധതി | -ടി- | 10/23.01.18 | 1,50,000 (scp) |
| 17 | 104/18കാണമ്പുലാക്കൽ എസ്.സി കോളനി വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | -ടി- | 16/23.01.18 | 1,75,500 (scp) |
| | ആകെ | | | 76,12,500 |

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പുരോഗതി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വിവരം ലഭ്യമാക്കുംവരെ ചെലവ് തുക തടസ്സം ചെയ്യുന്നു. ടി വിവരം ഓഡിറ്റ്എൻക്വയറി (നമ്പർ 02/13.09.18) മുഖേന അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി പുരോഗതി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-3 പരിരക്ഷ പദ്ധതി - അപാകതകൾ

പ്രൊജക്ട് നമ്പർ - 16/2018

വിനിയോഗിച്ച തുക – 6,77,500 രൂപ(പ്ളാൻ - 4,77,500 രൂപ & ബ്ളോക്ക് പഞ്ചായത്ത് വിഹിതം - 2,00,000 രൂപ)

നിർവ്വഹണം - മെഡിക്കൾ ഓഫീസർ (അലോപ്പതി )

ബിൽ നം. 1/17-18 തി. 28.08.2017 – 85,573 രൂപ

ബിൽ നം. 2/17-18 തി. 14.09.2017 – 19,000 രൂപ

ബിൽ നം. 4/17-18 തി. 19.11.2017 – 2,42,795 രൂപ

ബിൽ നം. 6/17-18 തി. 15.11.2017 – 19,000 രൂപ

ബിൽ നം. 8/17-18 തി. 15.12.2017 – 29,210 രൂപ

ബിൽ നം. 9/17-18 തി. 15.01.2018 – 27,326 രൂപ

ബിൽ നം. 10/17-18 തി.05.03.2018 – 54,486 രൂപ

ചെക്ക് നം. 1490071/23.03.18 - 1,53,270 രൂപ

ചെക്ക് നം. 1490072/23.03.18 - 46,730 രൂപ

പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ബിൽ നം. 4/17-18 തി. 19.11.2017 പ്രകാരം പരിരക്ഷാപദ്ധതിയിലുൾപ്പെട്ട രോഗികൾക്ക് മരുന്നു ലഭ്യമാക്കുന്നതിനായി 2,00,000 രൂപ കെ എം എസ് സി എൽ തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും മരുന്നുകൾ ലഭ്യമായിട്ടില്ല.മരുന്നുകൾ ലഭ്യമായതിന്റെ സ്റ്റോക്ക് ,ഇഷ്യൂ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. മരുന്ന് ലഭ്യമായ വിവരം സ്റ്റോക്ക് രജിസ്റ്റർ സഹിതം അറിയിക്കുന്നതുവരെ ചെലവു തുക തടസ്സം ചെയ്യുന്നു. മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണ സമിതിയും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)പരിരക്ഷാ പദ്ധതിക്കായി കെ എൽ 65-4 നം. ഒമ്നി വാൻ ഗ്രാമപഞ്ചായത്തിലുണ്ട് . വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ സെക്രട്ടറിയാണെന്ന് രേഖകൾ പരിശോധിച്ചതിൽ വ്യക്തമായി .എന്നാൽ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ നാളിതുവരെയും ഫ്യൂവൽ കൺസമ്ഷൻ ടെസ്റ്റ് നടത്തിയതായോ, ലോഗ്ബുക്കിലെ രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തുന്നതായോ കണ്ടെത്താൻ സാധിച്ചിട്ടില്ല. വാഹനത്തിന്റെ ദുരുപയോഗം തടയുന്നതിനും, ഉപയോഗം കാര്യക്ഷമമാക്കുന്നതിനും തദ്ദേശ ഭരണസ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച ജി ഒ (എം എസ് )നം. 170/07/ത.സ്വ.ഭ.വ തി.30.06.2007 ലെ ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

3)ചെക്ക് നം. 1490071/23.03.18 പ്രകാരം 50,000 രൂപ കാലിക്കറ്റ് സർജിക്കൽസ് എന്ന സ്ഥാപനത്തിന് 20 എയർബെഡുകൾ വാങ്ങിയതിന് നൽകിയിട്ടുണ്ട്. ആയത് രോഗികൾക്ക് വിതരണം ചെയ്തതിന്റെ വിവരം , ക്വട്ടേഷൻ വിളിച്ചതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിഷയം സംബന്ധിച്ച് പഞ്ചായത്തുതല മോണിറ്ററിംഗ് കമ്മറ്റി യോഗം ചേരുകയോ തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല.ആയതിനാൽ അർഹരായവർക്കാണോ ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് വ്യക്തമല്ല.ഇതുസംബന്ധിച്ച മുഴുവൻ രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാക്കുന്നതുവരെ ഈ ഇനത്തിൽ ചെലവഴിച്ച 50,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

4)2015 ലെ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ (ജി.ഒ (ആർ.ടി) 3217/2015 തസ്വഭവ തി. 29.10.2015) പ്രകാരം ഗ്രാമപഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും മുനിസിപ്പൽ കോർപ്പറേഷനുകളുടേയും നേതൃത്വത്തിൽ നടപ്പാക്കേണ്ട പ്രാഥമിക പാലിയേറ്റീവ് പരിചരണ സംവിധാനം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ആയതിൽ പ്രകാരം ,ഹോം കെയർ സംവിധാനം നടപ്പിലാക്കുന്നതിനായി തെരെഞ്ഞെടുക്കപ്പെടുകയും പ്രവർത്തിച്ചു വരുകയും ചെയ്യുന്ന സന്നദ്ധ പ്രവർത്തകർ ഉൾപ്പെടെയുള്ള ടീമംഗങ്ങൾക്കും കാലാകാലങ്ങളിൽ പുതുതായി ടീമിൽ ഉൾപ്പെടുത്തുന്നവർക്കും വർഷത്തിൽ ഒരു തവണ ഏകദിന തുടർപരിശീലനം നൽകാവുന്നതും പരിശീലനത്തിൽ പങ്കെടുക്കുന്ന ഒരാൾക്ക് പരമാവധി 60 രൂപ ഭക്ഷണ ചെലവുകൾക്കായി വിനിയോഗിക്കാവുന്നതും പരിശീലനത്തിന്റെ മറ്റ് ചെലവുകൾക്കായി പരമാവധി 2000 രൂപയും ചെലവഴിക്കാവുന്നതാണ്. എന്നാൽ 23.03.2018 ൽ നടന്ന തുടർപരിശീലനത്തിൽ 91 പേരാണ് പങ്കെടുത്തിട്ടുള്ളത്. പരിശീലന ചെലവിനത്തിൽ 13,850 രൂപ ചെലവഴിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം ഈ പരിശീലനത്തിന് അനുവദനീയമായ പരമാവധി തുക 7460/- രൂപ രൂപയാണ്.വളരെ അത്യാവശ്യ കാര്യങ്ങൾക്ക് മിതവ്യയം പാലിച്ച് കൊണ്ട് ഫണ്ട് വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

5)മേൽ ഉത്തരവ് പ്രകാരം ആഴ്ചയിൽ നാലിൽ കുറയാത്ത ദിവസങ്ങളിൽ Home care visit നടത്തേണ്ടതാണ്.മാസത്തിൽ 16ഉം ആയത് പ്രകാരം ഒരു വർഷത്തിൽ ഏറ്റവും കുറഞ്ഞത് 192

ദിവസങ്ങളിലെങ്കിലും സന്ദർശനം നടത്തേണ്ടതായിരുന്നു.എന്നാൽ 2017 ഒക്ടോബർ മാസത്തിൽ മാത്രമാണ് 16 സന്ദർശനം നടത്തിയിട്ടുള്ളത്.ലോഗ്ബുക്ക് പരിശോധിച്ചതിൽ 350കിലോമീറ്ററാണ് പ്രതിമാസം ശരാശരി വാഹനം ഓടുന്നത്.

ആരോഗ്യവുമായി ബന്ധപ്പെട്ട പ്രൊജക്റ്റുകൾ മോണിട്ടർ നടത്തുന്ന വർക്കിംഗ് ഗ്രൂപ്പ് പാലിയേറ്റീവ് കെയർ പ്രൊജക്റ്റുകളുടേയും മോണിട്ടർ നടത്തണം. എന്നാൽ ഇപ്രകാരമുള്ള മോണിട്ടറിംഗ് നടന്നിട്ടില്ല.

ഗ്രാമപഞ്ചായത്തുകളിലെ ആരോഗ്യ – വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരു ഇനമായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതാണ്. എന്നാൽ 2017-18 വർഷത്തിൽ ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

കൂടാതെ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വർഷത്തിലൊരിക്കൽ പ്രത്യേക അജണ്ടയായി പാലിയേറ്റീവ് കെയർ പ്രവർത്തനം വിലയിരുത്തുകയും അതനുസരിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ പഞ്ചായത്തിന്റെ യോഗതീരുമാനങ്ങളിൽ ഇപ്രകാരമുള്ള രേഖപ്പെടുത്തലുകൾ ഒന്നും കാണുന്നില്ല.

6)പാലിയേറ്റീവ് കെയർ പ്രോജക്റ്റിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനുമായി നിർണ്ണായക പങ്കുവഹിക്കുന്ന പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയോഗത്തിൽ പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ഓരോ മാസത്തെയും പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കും രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ 2017-18വർഷത്തിൽ രണ്ടുതവണ മാത്രമാണ് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി യോഗം ചേർന്നിട്ടുള്ളത് .പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ഏകോപനവും മേൽനോട്ടവും കാര്യക്ഷമമല്ല.

അപാകതകൾ പരിഹരിക്കേണ്ടതും പരിരക്ഷാ പദ്ധതിയുടെ നടത്തിപ്പ് കാര്യക്ഷമമാക്കേണ്ടതുമാണ്.

## 3-4 പി എച്ച് സി യിലേക്ക് മരുന്നുവാങ്ങൽ പദ്ധതി - മരുന്നുകൾ ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് നം. 11/2017-18

പി എച്ച് സി യിലേക്ക് മരുന്നുവാങ്ങൽ പദ്ധതി

വിനിയോഗിച്ച തുക -2,00,000 രൂപ

ബിൽ നം. 5/17-18 തി. 23.10.2017

നിർവ്വഹണം - മെഡിക്കൽ ഓഫീസർ , (അലോപ്പതി)

